പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **5146** — 06.02.2014 ൽ മറുപടിയ്ക്ക്

**ശ്രീമതി. ശ്വേതാമേനോൻ അപമാനിക്കപ്പെട്ട സംഭവത്തിൽ ഡി.വൈ.എഫ്.ഐ. നൽകിയ പരാതിയിന്മേലുള്ള കേസന്വേഷണം**

| ചോദ്യം<br>ശ്രീ. പി.കെ. ഗുരുദാസൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) 2013 നവംബർ മാസം രണ്ടാം തീയതി കൊല്ലത്ത് നടന്ന മൂന്നാമത് പ്രസിഡന്റ്സ് ട്രോഫി ജലോൽസവ വേദിയിൽ നടി ശ്രീമതി. ശ്വേതാമേനോൻ അപമാനിക്കപ്പെട്ട സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി ആവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ. കൊല്ലം ജില്ലാ കമ്മിറ്റി നൽകിയ പരാതിയിൽ സ്വീകരിച്ച തുടർനടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി വരവെ, ടി പരാതിയിൽ ശ്രീമതി. ശ്വേതാമേനോൻ നേരിട്ട് മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 2249/13 u/s 354, 354(A) IPC and 119(a) KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) കേസുമായി ബന്ധപ്പെട്ട് ആരെയെല്ലാമാണ് പ്രതി ചേർത്തിരിക്കുന്നത്; പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിരിക്കുന്നത്; | (ബി) ശ്രീ. പീതാംബരക്കുറുപ്പ്, എം.പി., ശ്രീ. വേണുനാഥൻ പിള്ള എന്നിവരെ പ്രതികളാക്കി u/s 354, 354(A) IPC and 119(a) KP Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ഡി) ഈ സംഭവത്തിൽ പരാതിക്കാരി കളക്ടറോട് നേരിട്ട് വിഷമം അറിയിച്ചിട്ടും കളക്ടർ വേണ്ട നടപടികൾ സ്വീകരിച്ചില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ? | (ഡി) ഇത് സംബന്ധിച്ച് ശ്രീമതി. ശ്വേതാമേനോൻ വാക്കാലോ എഴുതിയോ കൊല്ലം ജില്ലാ കളക്ടർക്ക് പരാതി സമർപ്പിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ